Ref: 3039/K-5/KCBC/OL/DS 22.7.2017

# ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2017
# ആഗസ്റ്റ് 20, ഞായർ

### കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

ഓഗസ്റ്റ് 15-ാം തീയതിക്ക് ശേഷമുള്ള ഞായറാഴ്ച നാം ജസ്റ്റീസ്സൺഡേ ആയി ആചരിച്ചു വരുകയാണല്ലോ. 1986-ൽ ഗോവയിൽ വച്ച് നടന്ന സി.ബി.സി.ഐ. യോഗമാണ് ഈ തീരുമാനം എടുത്തത്. ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചതിന്റെ സന്തോഷം നാം പങ്കു വയ്ക്കുമ്പോഴും ഭാരതത്തിലെ ദലിത്സമൂഹം പ്രത്യേകിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച വലിയ ഒരു സമൂഹത്തിന് സാമൂഹികനീതി ലഭിക്കാത്ത സാഹചര്യം നമ്മെ ഏറെ വേദനിപ്പിക്കുന്നു. ഭാരതത്തിലെ രണ്ടുകോടിയോളം വരുന്ന ക്രൈസ്തവരിൽ 125 ലക്ഷം പേരും ദലിത് സഹോദരങ്ങളാണ്. ഇതര മതസ്ഥരായ ദലിത് സഹോദരങ്ങൾക്ക് ലഭിക്കുന്ന ഭരണഘടനാപരമായ അവകാശങ്ങൾ ദലിത് ക്രൈസ്തവർക്ക് നിഷേധിച്ചിരിക്കുന്നുവെന്നത് മതവിവേചനം തന്നെയാണ്. ഈ നീതിനിഷേധത്തിനെതിരെ കഴിഞ്ഞ അരനൂറ്റാണ്ട് അധികമായി ഭാരതസഭ നിരന്തരം ശബ്ദമുയർത്തിയിരുന്നുവെങ്കിലും നീതി നടപ്പാക്കിയിട്ടില്ല. ചുമതലപ്പെട്ടവർ ഇതു ബോധപൂർവം അവഗണിക്കുകയാണ് ചെയ്തത്. എങ്കിലും ഭാരതക്രൈസ്തവ സമൂഹം തുടർന്നും ഈ നീതിനിഷേധത്തിനെതിരെ വ്യവസ്ഥാപിതമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും പോരാട്ടം തുടരും. കോടതികളിലൂടെ നിയമവഴിയ്ക്ക് നീതി ലഭിക്കാനുള്ള മാർഗ്ഗങ്ങളും നാം തുടർന്ന് മുന്നോട്ടു കൊണ്ടുപോകും. ഈ നീതിനിഷേധം സമൂഹത്തിന്റെ മുമ്പിൽ വെളിപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളും നാം കൂട്ടായി നടത്തണം. ഈ ലക്ഷ്യങ്ങളുമായിട്ടാണ് ജസ്റ്റീസ് സൺഡേ (നീതിഞായർ) നാം ആചരിക്കുന്നത്.

ഇത്തവണത്തെ നീതിഞായർ ആചരണത്തിന് ഒരു പ്രത്യേക പശ്ചാത്തലം കൂടിയുണ്ട്. ഭാരതകത്തോലിക്കാ മെത്രാൻസമിതി ഭാരതത്തിലെ ദലിത് സഹോദരങ്ങളുടെ സമുദ്ധാരണത്തിനായി ഒരു ദലിത് ശാക്തീകരണ നയം പ്രഖ്യാപിക്കുകയുണ്ടായി. ഭാരതസഭയുടെ ചരിത്രത്തിലാദ്യമായിട്ടാണ് ഇപ്രകാരം ഒരു ദലിത് നയരൂപീകരണം സഭാതലത്തിൽ ഉണ്ടായത്. ഭാരതസഭയുടെ മുഴുവൻ പിന്തുണയും സഹകരണവും ദലിത് സഹോദരങ്ങളോടൊപ്പമുണ്ടെന്ന് ഇതുവഴി സഭാനേതൃത്വം പ്രഖ്യാപിച്ചിരിക്കുകയാണ്.

സഭയുടെ എല്ലാ തലങ്ങളിലും ദലിത് ശാക്തീകരണസംവിധാനങ്ങൾ ഉണ്ടാകുവാൻ എല്ലാവരും കൂട്ടായി യത്നിക്കുക വളരെ അത്യാവശ്യമാണ്. സാമൂഹ്യമായും സാമ്പത്തികമായും കടുത്ത വെല്ലുവിളികൾ നേരിടുന്ന നമ്മുടെ ദലിത് സഹോദരങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുക ഇതിൽ ഏറ്റവും പ്രധാനമാണ്. ഇതുമായി ബന്ധപ്പെട്ടാണ് കേരളകത്തോലിക്കാ മെത്രാൻ സമിതി ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. നമ്മുടെ ദലിത് കുടുംബങ്ങളിൽ ആരും വീടില്ലാത്തവരായി ഉണ്ടായിരിക്കരുത് എന്ന ലക്ഷ്യത്തിൽ എല്ലാവർക്കും വാസയോഗ്യമായ ഒരു ഭവനത്തിനായുള്ള കൂട്ടായ പ്രയത്നത്തിൽ നമുക്കു കൈകോർക്കണം. എല്ലാ രൂപതകളും, ഇടവകകളും, സന്യാസ സഭകളും, സംഘടനകളും, സംരംഭങ്ങളും കൂട്ടായി പരിശ്രമിച്ചാൽ ഈ ലക്ഷ്യം സാധിക്കുവാൻ കഴിയും. ഇതുമായി ബന്ധപ്പെട്ട് കെസിബിസി എസ്.സി./എസ്.റ്റി/ബി.സി. കമ്മീഷന് സി.എം.ഐ. സന്യാസ സമൂഹം, വിൻസന്റ് ഡി പോൾ സൊസൈറ്റി, ഫ്രാൻസിസ്കൻ അല്മായ സമൂഹവും ഉദാരമായ സഹകരണം

വാഗ്ദാനം ചെയ്തിരിക്കുന്നത് സന്തോഷത്തോടും നന്ദിയോടും കൂടി ഓർക്കുന്നു. കേരളത്തിൽ ദലിത് കത്തോലിക്കർക്കായി 300 ഭവനങ്ങൾ 2017 – 2018 കാലഘട്ടത്തിൽ നിർമ്മിക്കുവാൻ സഹായിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. അഭിവന്ദ്യ പിതാക്കന്മാരും ഈ പദ്ധതികൾക്ക് ആവശ്യമായ എല്ലാ സഹകരണങ്ങളും ഉറപ്പാക്കി തരുന്നതും പ്രത്യേകം സ്മരിക്കട്ടെ. ഇതിനോടൊപ്പം സമർത്ഥരായ ദലിത് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും നാം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ദലിത് ശാക്തീകരണ സംരംഭങ്ങൾക്കായി വലിയ സാമ്പത്തിക ഉത്തരവാദിത്വങ്ങളാണ് നാം ഏറ്റെടുത്തിരിക്കുന്നത്. ഈ സാഹചര്യത്തിൽ ജസ്റ്റീസ് സൺഡേ ആചരണത്തിന്റെ ഭാഗമായി സാധാരണപോലെ ദലിത് ആവശ്യങ്ങൾക്കായി ഒരു സംഭാവന ശേഖരണം നടത്തുകയാണ്. സഭയിലെ ഓരോ അംഗവും ഉദാരമായി ഈ സംഭാവന സമാഹരണത്തിൽ സഹായിച്ച് ഔദാര്യപൂർവ്വം നമ്മുടെ ദലിത് സഹോദരങ്ങളോട് നമുക്കുള്ള സ്നേഹവും സഹകരണവും പ്രതിബദ്ധതയും ഉറപ്പാക്കാം. നീതിഞായർ ആചരണംവഴി നമ്മുടെ കർത്താവായ ഈശോമിശിഹായുടെ പ്രബോധനങ്ങളായ നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക, ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത് എന്നീ വചനങ്ങൾ നമുക്ക് പ്രചോദനം ആകട്ടെ. ദലിത് ശാക്തികരണ സംരംഭങ്ങളുടെ വിജയത്തിനായി ഏവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

N.B: 2017 ആഗസ്റ്റ് 20-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.